2. ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(1) 2003-ലെ കേരള ഭാഗ്യക്കുറി സബ് ഏജന്റുമാർക്കും വിൽപ്പനക്കാർക്കും വേണ്ടിയുള്ള ക്ഷേമനിധി ബിൽ

(ശ്രീ. എ. കെ. ബാലൻ നോട്ടീസ് നൽകിയത്)

മി. സ്പീക്കർ: .....(ബഹളം).....എന്തെങ്കിലും ഉന്നയിക്കണമെന്നുണ്ടെങ്കിൽ നേരത്തെ എഴുതിത്തരണം. അത് എനിക്ക് പരിശോധിക്കണം. പരിശോധിച്ചതിനുശേഷം അനുവദിക്കും, അല്ലാതെ ഇവിടെവന്ന് ബഹളമുണ്ടാക്കാൻ ഞാൻ അനുവദിക്കില്ല. .....Nothing doing.....ഹൗസ് കൂടണ്ടെങ്കിൽ കൂടണ്ട, അത്രതന്നെ. അല്ലാതെ ഇവിടെ അങ്ങനെയൊന്നും നടക്കില്ല. എനിക്ക് ആരും കാലത്ത് എഴുതിത്തന്നില്ല. എനിക്കാരും എഴുതിത്തന്നിട്ടില്ല. ഇവിടെ കുറെ കടലാസ് കിട്ടിയിട്ടുണ്ട്. അതിൽ ഏതിലെങ്കിലും ഉണ്ടോയെന്ന് എനിക്ക് അറിഞ്ഞുകൂടാ. എട്ടര മണിക്കുമുൻപ് എന്നെ വന്നുകണ്ട് എഴുതിത്തന്ന് അനുവാദം വാങ്ങിക്കണം. അതല്ലാതെ ഇവിടെ,വന്ന് എഴുതിത്തന്നാൽ കാലത്ത് എനിക്ക് വായിക്കാനല്ല ജോലി. യേസ്, യേസ്.....(ബഹളം)..... ബാലൻ, ബാലൻ, do you move? .....He is not..... Nothing doing.....

ശ്രീ. എ. കെ. ബാലൻ: ഇതൊന്ന് കഴിഞ്ഞോട്ടെ സർ.

മി. സ്പീക്കർ: ബാലൻ വേണമെങ്കിൽ ഉന്നയിക്കാം.

ശ്രീ. എം. വി. ജയരാജൻ: എഴുതിത്തന്നിട്ടുണ്ട്.

മി. സ്പീക്കർ: എഴുതി ആരെങ്കിലും ഇവിടെ തന്നിട്ടുണ്ടോയെന്ന് എനിക്ക് അറിഞ്ഞുകൂടാ. കാലത്തെ തന്നിട്ടില്ല, ഇവിടെ തന്നാൽ ഒക്കില്ല. ഇവിടെത്തന്നാൽ എനിക്ക് അത് വായിക്കുന്നതല്ല ജോലി. കാലത്ത് എട്ടരയ്ക്ക് മുൻപ് എഴുതിത്തന്ന് അനുവാദം വാങ്ങണം.

ശ്രീ. എം. വി. ജയരാജൻ: അവിടെയുണ്ട് സർ.

മി. സ്പീക്കർ: ഇവിടെ എന്തോ കുറെ കൊണ്ടുവന്നു, അതൊന്നും എനിക്കറിഞ്ഞുകൂടാ. എട്ടരയ്ക്കു മുൻപ് എന്നെ വന്നുകണ്ട് അനുവാദം വാങ്ങണം, അല്ലാതെ ഇവിടെ തന്നാൽ ഒക്കില്ല. Nothing will go in record..... എനിക്ക് ഒരു ബാദ്ധ്യതയുമില്ല, ഇതിനൊക്കെ ചില നടപടിക്രമങ്ങളുണ്ട്. മെമ്പേഴ്സിന് പറയാനുള്ളതെല്ലാം പറയാനുള്ള അവസരം തരുന്നുണ്ട്. അതിനൊക്കെ ചില നടപടിക്രമങ്ങളുണ്ട്. ഹൗസിൽ വന്ന് നാടകം കളിച്ചിട്ട് കാര്യമില്ല. ഉന്നയിക്കാൻ ഉണ്ടെങ്കിൽ എന്റെ അനുവാദം വാങ്ങി ഉന്നയിക്കണം. യേസ്, യേസ്, ഏതായാലും സ്പീക്കറെ നീക്കം ചെയ്യുന്നതിനുവേണ്ടി കുറെ കാരണങ്ങൾ ഉണ്ടാക്കണമെന്നുണ്ടെങ്കിൽ, പ്രസംഗിക്കാൻ വല്ല കാരണങ്ങൾ ഉണ്ടാക്കണമെന്നുണ്ടെങ്കിൽ, എനിക്ക് പരാതിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി. എഡ്. കോളേജ് അനുവദിച്ചതുമായി ബന്ധപ്പെട്ട പ്രശ്നം ഉന്നയിക്കാൻ അവസരം നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം വാക്കൗട്ട് നടത്തി.)

ശ്രീ. എ. കെ. ബാലൻ: 2003-ലെ കേരള ഭാഗ്യക്കുറി സബ് ഏജന്റുമാർക്കും വിൽപ്പനക്കാർക്കും വേണ്ടിയുള്ള ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു. .....(ബഹളം).....

ശ്രീ. എ. കെ. ബാലൻ: ഞാൻ ബോയ്കോട്ട് നടത്തിയിട്ട് വന്നതാണ്.

മി. സ്പീക്കർ: യേസ്, യേസ് യേസ്, ബാലൻ പോയിട്ടു വന്നതുതന്നെ.

ശ്രീ. എ. കെ. ബാലൻ: ഞാൻ പോയിട്ടു വന്നതാണെന്ന് സ്പീക്കർ സമ്മതിച്ചു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) : സർ, ഞാൻ ഇതിനെ എതിർക്കുകയാണ്. അതായത് ഈ കേരള സംസ്ഥാനത്തിലെ ഭാഗ്യക്കുറി മേഖലയിൽ സബ് ഏജന്റുമാർക്കും വിൽപ്പനക്കാർക്കും ആശ്വാസം നൽകുന്നതിനും മറ്റ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും വ്യവസ്ഥ ചെയ്തുകൊണ്ടുള്ള ഒരു സ്വകാര്യ ബില്ലിനാണ് ശ്രീ. എ. കെ. ബാലൻ നോട്ടീസ് നൽകിയിട്ടുള്ളത്. സർ, ഇതിനെ എതിർക്കാനുള്ള കാരണം, 15-2-1992-ലെ സർക്കാർ ഉത്തരവു പ്രകാരം കേരള സംസ്ഥാന ലോട്ടറി ഏജന്റ്സ് ക്ഷേമനിധി നിലവിൽ വരികയും 30-3-1991-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം 1-4-1991 മുതൽ ഇതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ അംഗീകൃത ഏജന്റായിട്ടുള്ള എല്ലാപേർക്കും ഇതിലെ നിബന്ധനകൾക്ക് വിധേയമായി ക്ഷേമനിധിയിൽ അംഗമാകാവുന്നതാണ്. ഭാഗ്യക്കുറി വിൽപ്പനക്കാരുടെ ക്ഷേമനിധി, യഥാർത്ഥ വിൽപ്പനക്കാരെക്കൂടി ഉൾപ്പെടുത്തി, പുനഃസംഘടിപ്പിച്ച് ഫണ്ടിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതാണ്, എന്ന് 2004-2005 ബഡ്ജറ്റിൽ ധനകാര്യമന്ത്രി പ്രസ്താവിച്ചിട്ടുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ ഇതുപോലുള്ള ഒരു ബില്ലിന് പ്രസക്തിയില്ലെന്നുള്ളതുകൊണ്ടാണ് അവതരണാനുമതി നിഷേധിക്കുന്നത്.

ശ്രീ. എ. കെ. ബാലൻ: ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ച പ്രകാരം ഏജന്റുമാർക്ക് ക്ഷേമനിധി ഉണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അത് 32,296 ഏജന്റുമാർക്ക് മാത്രം ബാധകമായതാണ്. ആ ക്ഷേമനിധിയുടെ ഉള്ളടക്കം അനുസരിച്ചു ഇതിൽ അംഗങ്ങളായ ഈ ഏജന്റുമാർക്ക് യഥാർത്ഥത്തിൽ ലഭ്യമാകില്ല. മാത്രമല്ല രണ്ടര ലക്ഷത്തോളം വരുന്ന

LIBRARY ARCHIVES Kerala Legislative Assembly

സബ് ഏജന്റുമാരും വിൽപ്പനക്കാരും ഇതിന്റെ പരിധിയിൽ വരുന്നില്ല. എന്റെ ബിൽ ലക്ഷ്യമിടുന്നത് രണ്ടര ലക്ഷത്തോളം വരുന്ന സബ് ഏജന്റുമാരെയും വിൽപ്പനക്കാരേയുമാണ്. ഏജന്റുമാർക്ക് പ്രവർത്തനരഹിതമായ ഒരു ക്ഷേമപദ്ധതിയാണ് പേരിനുള്ളത്. എന്നാൽ സബ് ഏജന്റുമാർക്കും വിൽപ്പനക്കാർക്കും ക്ഷേമപദ്ധതിയില്ല. രാജ്യത്തെ ലോട്ടറിയുടെ ഏറ്റവും വലിയ വിപണി ഇന്ന് കേരളമാണ്. സമൂഹത്തിലെ വളരെ പാവപ്പെട്ട വിഭാഗമാണ് ഈ രംഗവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നത്. യാചകർ, വികലാംഗർ, രോഗികൾ, സർവീസിൽ നിന്ന് പിരിഞ്ഞവർ, എക്സ്-സർവീസ് വിഭാഗം, എല്ലാം ഇതിലുണ്ട്. നാളെ, നാളെ, എന്ന ശബ്ദം ഇന്ന് നമുക്ക് സുപരിചിതമാണ്. സർ, ഒരു ചാൺ വയറിനുവേണ്ടി ഇവർ കഷ്ടപ്പെടുകയാണ്. നഗര പ്രദേശങ്ങളിൽ ഇന്ന് ഇവരുടെ സാന്നിദ്ധ്യം വളരെ പ്രകടമാണ്. ടിക്കറ്റ് വിൽപ്പനക്കാർക്കും സബ് ഏജന്റുമാർക്കും ഒരു ക്ഷേമപദ്ധതി ഈ സാഹചര്യത്തിൽ അനിവാര്യമാണ്. സർ, ഇപ്പോഴുള്ള ലോട്ടറി ഏജന്റ് ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് മറ്റ് ക്ഷേമനിധിയിലെ അംഗങ്ങൾക്കുള്ള

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ആനുകൂല്യങ്ങൾ ലഭ്യമാകുന്നില്ല. ഫലത്തിൽ പ്രവർത്തനരഹിതമാണ്. പെൻഷൻ, ചികിൽസാ സഹായം, മക്കളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, പെൺമക്കളുടെ വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, ഭവനനിർമ്മാണ സഹായം, അപകടം സംഭവിക്കുമ്പോഴുള്ള സഹായം ഇവയൊന്നും ഇന്ന് ലഭ്യമല്ല. മാത്രമല്ല വാഹന ലോണും ഇവർക്ക് ലഭിക്കുന്നില്ല. വികലാംഗർക്കും ശാരീരിക വിഷമതകൾ അനുഭവിക്കുന്നവർക്കും വാഹനത്തിനുള്ള ധനസഹായം ലഭിക്കുന്നില്ല. സമൂഹത്തിന്റെ മാനസികമായ സമീപനം കുറേ മാറേണ്ടതുണ്ട്. ലോട്ടറി വിൽപ്പനക്കാരെ കാണുമ്പോൾ യാചകരോടുള്ള സമീപനമാണ് പൊതുവിൽ കാട്ടുന്നത്. ടിക്കറ്റ് വാങ്ങുന്നില്ലെങ്കിൽപ്പോലും ന്യായമായ പെരുമാറ്റം ഉണ്ടാകണം. അന്തസ്സുള്ള ജോലിയാണ് അവർ ചെയ്യുന്നത്. ആ ബോധം നമുക്കുണ്ടാകണം. കോടിക്കണക്കിന് രൂപ ഗവൺമെന്റിന്റെ ഖജനാവിലേക്ക് ലാഭമുണ്ടാക്കിക്കൊടുക്കുന്ന വിഭാഗമാണ് ഇവർ. കഴിഞ്ഞ കുറേ വർഷത്തെ ടിക്കറ്റ് വിൽപ്പനയുടെ കണക്ക് പരിശോധിച്ചാൽ ഇത് വ്യക്തമാകും. അൺസ്റ്റാർഡ് ക്വസ്റ്റ്യൻ നമ്പർ 345, ഡേറ്റഡ് 18-6-2003-ലെ എന്റെ ചോദ്യത്തിനുതന്നെ ഉത്തരമായി ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിക്കുന്ന അവസരത്തിൽ, 2000-01-ൽ 133.38 കോടി രൂപ വരവ്. ചെലവ് 106.59 കോടി രൂപയായിരുന്നു. ലാഭം 26.79 കോടി രൂപയായിരുന്നു. ഈ ഗവൺമെന്റ് വന്ന് ആദ്യത്തെ വർഷം 2001-02-ൽ വരവ് 122.68 കോടി രൂപയായി ചുരുങ്ങി. ചെലവാകട്ടെ 120.91 കോടി രൂപയും. ലാഭം 1.77 കോടി രൂപയും. 2000-2001-ൽ ലാഭം 26.79 കോടി രൂപയായിരുന്നത് 2001-2002-ൽ 1.77 കോടി രൂപയായി ചുരുങ്ങി. ഇപ്പോഴും ലോട്ടറിയുടെ ലാഭം ഇടതുപക്ഷമുന്നണി ഗവൺമെന്റ് ഭരിച്ചിരുന്ന കാലഘട്ടത്തിലെ ലാഭത്തിലേക്ക് പോയിട്ടില്ല. 2002-03-ൽ ലാഭം 13.40 കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ ലോട്ടറിയെ നശിപ്പിക്കാൻ ഗവൺമെന്റ് തന്നെ രംഗത്ത് വന്നിരിക്കുന്നു എന്നുള്ള സമീപനമാണ് ഇത് തെളിയിക്കുന്നത്. കേരളത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുണാചൽ പ്രദേശ്, കർണ്ണാടക, മേഘാലയ, മണിപ്പൂർ, നാഗാലാന്റ്, സിക്കിം എന്നീ സംസ്ഥാനങ്ങളിൽനിന്നുമുള്ള 26 ഓൺലൈൻ ലോട്ടറികളും 2361 ഒറ്റനമ്പർ ലോട്ടറികളും പ്രവർത്തിക്കുന്നു. ഇത് അൺസ്റ്റാർഡ് ക്വസ്റ്റ്യൻ നമ്പർ 331, ഡേറ്റഡ് 21-1-2004-ലെ കണക്കാണ്. പ്രസ്തുത ലോട്ടറി നടത്തുന്നതിന് കേരള ഗവൺമെന്റ് അംഗീകാരം നൽകിയിരുന്നില്ല. 1500 കോടി രൂപയുടെ ലോട്ടറി വിൽപ്പനയാണ് കേരളത്തിന് വെളിയിലുള്ള ഓൺലൈൻ ലോട്ടറികൾ ഇവിടെ നടത്തുന്നത്. കേരള ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള ലോട്ടറി വിൽക്കുന്നതാകട്ടെ 133 കോടി രൂപയ്ക്ക് മാത്രമാണ്. കേരള സംസ്ഥാന ഓൺലൈൻ ലോട്ടറി ചട്ടം 24 പ്രകാരം പ്രസ്തുത സംസ്ഥാനങ്ങൾക്ക് കേരള ഗവൺമെന്റിന്റെ സമ്മതമില്ലാതെ ടിക്കറ്റുകൾ വിൽക്കാൻ പാടില്ലാത്തതാണ്. എങ്കിലും ഇപ്പോഴും ടിക്കറ്റ് വിൽപ്പന നടന്നുകൊണ്ടിരിക്കുകയാണ്. ഈ ഇനത്തിലും മറ്റും ഇതുവഴി ഏതാണ്ട് ആയിരം കോടി രൂപ മുതൽ ആറായിരം കോടി രൂപവരെയാണ് കേരള ഗവൺമെന്റിന് ലഭിക്കേണ്ടത് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. ഇന്ന് അൺസ്റ്റാർഡ് ക്വസ്റ്റ്യന് ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടി വ്യക്തമായ കണക്ക് ഞങ്ങളുടെ കൈയിൽ ഇല്ലെന്നതാണ്. ചോദ്യം ഇതാണ്, ഓൺലൈൻ ലോട്ടറിമൂലവും മറ്റ് സംസ്ഥാന ലോട്ടറിമൂലവും നമ്മുടെ സംസ്ഥാനത്തിന് എത്ര കോടി രൂപയാണ് ഓരോ വർഷവും നഷ്ടം വരുന്നത് എന്ന് വെളിപ്പെടുത്തുമോ? കൃത്യമായ കണക്ക് ലഭിച്ചിട്ടില്ല എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. കേരളത്തിലെ ലോട്ടറി വ്യവസായം യാതൊരു പ്രതിസന്ധിയും നേരിടുന്നില്ല എന്നും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരുന്നു. അതും ഏറ്റവും വലിയ പ്രശ്നമാണ്.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ലോട്ടറി വ്യവസായത്തിന്റെ കാര്യമേ സ്പർശിച്ചിട്ടില്ല.

ശ്രീ. എ. കെ. ബാലൻ: ലോട്ടറി വ്യവസായവുമായി ബന്ധപ്പെടുത്തി ലോട്ടറി വിൽപ്പനക്കാരുടെ പ്രശ്നമാണ് പറയുന്നത്. യഥാർത്ഥത്തിൽ ഈ മേഖലയിൽ പണിയെടുക്കുന്ന ഏജന്റുമാരുടേയും, സബ് ഏജന്റുമാരുടേയും അതുപോലെതന്നെ വിൽപ്പന ക്കാരുടേയും സുരക്ഷ ഉറപ്പുവരുത്തുന്ന ഒരു സ്ഥാപനമാണ് യഥാർത്ഥത്തിൽ ഇത് റദ്ദാക്കുന്നതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ലോട്ടറി വിൽപ്പനക്കാരുടേയും സബ് ഏജന്റുമാരുടേയും ക്ഷേമനിധിയോടൊപ്പം അവരുടെ സുരക്ഷിതത്വത്തെക്കുറിച്ചുള്ള ആശങ്ക പ്രകടിപ്പിക്കുകയാണ്. ഇന്നത്തെ മലയാള മനോരമ ദിനപത്രത്തിൽ സുപ്രധാനമായ ഒരു സർവ്വേ റിപ്പോർട്ട് പുറത്ത് വന്നിട്ടുണ്ട്. സ്ത്രീകളെ സംബന്ധിച്ച്, 72 ശതമാനംപേർക്കും കേരളത്തിലൂടെയുള്ള യാത്രയിൽ സുരക്ഷിതത്വമില്ലെന്നും 60 ശതമാനം പേർക്ക് യാത്രയിലും

LIBRARY ARCHIVES Kerala Legislative Assembly

മറ്റും പുരുഷൻമാരിൽനിന്നും പീഡനങ്ങൾ ഉണ്ടാകുന്നുവെന്നും 71 ശതമാനം സ്കൂൾ കോളേജ് വിദ്യാർത്ഥിനികൾക്ക് ബസ്സിൽനിന്നും മറ്റും അപമാനകരമായ രീതിയിലുള്ള പ്രശ്നങ്ങൾ ഉണ്ടാകുന്നു എന്നുമാണ്. സാക്ഷരകേരളമെന്ന് നാം അഭിമാനിക്കുന്ന നമ്മുടെ നാട്ടിലെ പ്രശ്നമാണ് ഇത്. ഇതിനെക്കുറിച്ചുള്ള അങ്ങയുടെ അഭിപ്രായംകൂടി അറിഞ്ഞാൽ കൊള്ളാം.

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, ഓൺലൈൻ ലോട്ടറിയുമായി ബന്ധപ്പെട്ടാണ് സംസാരിച്ചത്. സുരക്ഷയെ സംബന്ധിച്ച് എറ്റവും നല്ല ഇൻഫർമേറ്റീവായ റിപ്പോർട്ടാണ് ഇന്ന് വന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് കറക്ടാണ്. എനിക്കതിനോട് വിയോജിപ്പില്ല. യഥാർത്ഥത്തിൽ ഓൺലൈൻ ലോട്ടറി അടച്ചുപൂട്ടാൻ ഗവൺമെന്റ് തീരുമാനം എടുക്കുന്നത് ഇടക്കാലത്താണ്. ശക്തമായ സമ്മർദ്ദം വന്നതിനുശേഷം അവസാനം അടച്ചുപൂട്ടി. ഹൈക്കടതിയിൽ അവർ പോയി. ഡിവിഷൻ ബഞ്ചിന്റെ വിധി അവർക്കനുകൂലമായി. ഹൈക്കോടതി വിധി ഓൺലൈൻ ലോട്ടറിക്ക് അനുകൂലമായി വന്നതിനുശേഷം അതിനെതിരായ റിവ്യൂ പെറ്റീഷൻ സുപ്രീംകോടതിയിൽ കൊടുക്കേണ്ടതൊന്നുംതന്നെ കൊടുത്തിട്ടില്ല. ഇപ്പോൾ ഓൺലൈൻ ലോട്ടറികൾ വീണ്ടും രംഗത്ത് വന്നു. ഇതിനെതിരായി ഗവൺമെന്റ് സ്വാഭാവികമായും സുപ്രീം കോടതിയിൽ പോകേണ്ടതാണ്: പോയിട്ടില്ല. ഇത് യഥാർത്ഥത്തിൽ ഒരു ഒത്തുകളിയാണ്. കേരള ഗവൺമെന്റ് ഇതിന് കൂട്ടുനിൽക്കുകയാണ്. ഓൺലൈൻ, ഒറ്റ നമ്പർ ലോട്ടറികളുടെ പ്രവർത്തനംകൊണ്ട് കേരള ഗവൺമെന്റിന് ഒന്നും ലഭിക്കുന്നില്ല എന്ന് മാത്രമല്ല, നിരവധി പേർ ഇവരുടെ കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്ത സംഭവംവരെയുണ്ടായിട്ടുണ്ട്. ഓൺലൈൻ ലോട്ടറികളുടെ നിലവിലുള്ള നികുതി 20,000 രൂപയിൽ നിന്നും 5,000 രൂപയായി കുറച്ചു. ഇത് കേരള ഗവൺമെന്റിന്റെ പേപ്പർ ലോട്ടറി വിൽപ്പനയെയാണ് സാരമായി ബാധിച്ചിരിക്കുന്നത്. അതേയവസരത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നിലവിലുള്ള ലോട്ടറി ഏജന്റുമാരുടെ രജിസ്ട്രേഷൻ ഫീസ് 25 രൂപയിൽ നിന്നും 400 രൂപയാക്കി വർദ്ധിപ്പിച്ചു. വാർഷിക പുതുക്കൽ 10 രൂപയിൽനിന്നും 100 രൂപയാക്കി. ഈ വർദ്ധനവ് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഏജന്റുമാർക്കും സബ് ഏജന്റുമാർക്കും താങ്ങാൻ കഴിയുകയില്ല. ഈ രംഗത്തുനിന്നും അവർ പോകുകയാണ്. ഞാൻ അവതരിപ്പിക്കുന്ന ഈ ക്ഷേമനിധി ബില്ലിൽ 9 ക്ലാസ്സുകളാണുള്ളത്. ക്ലാസ് മൂന്നിൽ അംശദായം 25 രൂപ തൊഴിലാളിയിൽനിന്നും വാങ്ങും. 25 രൂപ ഗവൺമെന്റിൽനിന്നും വാങ്ങും. ആ ഒരു ക്ഷേമപദ്ധതി ഉണ്ടാക്കുകയാണെങ്കിൽ ലോട്ടറി കിട്ടുന്ന ആളുകളിൽനിന്നും ഒരു നിശ്ചിത ശതമാനം തുക ഈ ഫണ്ടിലേക്ക് വാങ്ങണം. ക്ഷേമനിധി ബോർഡിൽ 14 ഡയറക്ടർമാരാണുള്ളത്. അതിൽ നാലുപേർ ലോട്ടറി വിൽപ്പനക്കാരുടേയും ഏജന്റുമാരുടേയും സബ് ഏജന്റുമാരുടേയും പ്രതിനിധികളായിരിക്കണം. ആനുകൂല്യങ്ങളെക്കുറിച്ച് ഇതിൽ സൂചിപ്പിച്ചിട്ടുണ്ട്. ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു കാര്യം എനിക്ക് സൂചിപ്പിക്കുവാനുള്ളത്, ഏജന്റുമാർക്കുള്ള ക്ഷേമപദ്ധതിയുടെ ആനുകൂല്യം എന്ന് പറയുന്നത്, മറ്റ് ക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഇതിലൊന്നുമില്ല. അതുകൊണ്ട് യാചകരും വികലാംഗരും പാവപ്പെട്ടവരും രോഗികളുമായ ഇവരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുവേണ്ടി ഏറ്റവും നല്ല പെൻഷൻ സമ്പ്രദായവും ചികിൽസാ സഹായവും മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങളും പെൺമക്കളുടെ വിവാഹ ധനസഹായവും മരണാനന്തര ധനസഹായവും ഭവന നിർമ്മാണ സഹായവും അപകട സഹായവും ഇവർക്ക് ഉറപ്പുവരുത്തുന്നതോടൊപ്പം വികലാംഗരായിട്ടുള്ള, ശാരീരിക വിഷമതകൾ അനുഭവിക്കുന്ന ലോട്ടറി കച്ചവടക്കാർക്ക് വാഹനം നൽകുന്നതിനുള്ള സഹായവും ചെയ്യണം. ഈ കാര്യങ്ങളും ഇതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ക്ഷേമപദ്ധതിയിലേക്കുള്ള ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ടു കൊണ്ടാണ് ഞാൻ സൂചിപ്പിച്ചത്. ഞാൻ ഈ ചർച്ച ഇവിടെ അവസാനിപ്പിക്കുന്നില്ല.

(ചർച്ച തുടരും)

(2) 2004-ലെ കേരള പാരലൽ കോളേജ് അദ്ധ്യാപക ക്ഷേമനിധി ബിൽ

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, 2004-ലെ കേരള പാരലൽ കോളേജ് അദ്ധ്യാപക ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഇതിനെ എതിർക്കുകയാണ്. എതിർക്കാൻ വേണ്ടി എതിർക്കുന്നതല്ല. ഇദ്ദേഹം പറയുന്ന ആശയം പ്രായോഗികമായി നടപ്പാക്കാൻ ബുദ്ധിമുട്ടാണ്. നമ്മുടെ സംസ്ഥാനത്ത് പട്ടണ പ്രദേശങ്ങളിലും ഗ്രാമ പ്രദേശങ്ങളിലും വളരെയേറെ അഭ്യസ്തവിദ്യരായ യുവതീ യുവാക്കൾക്ക് തൊഴിൽ നൽകുന്ന സ്ഥാപനങ്ങളാണ് പാരലൽ കോളേജുകൾ. ഇത്തരം സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഗ്രാഡ്വേറ്റും പോസ്റ്റ് ഗ്രാഡ്വേറ്റും യോഗ്യതയുള്ള നിരവധി തൊഴിൽ അന്വേഷകരായ യുവതീയുവാക്കൾ ഇതുകൊണ്ട് ഉപജീവനം നടത്തുന്നുണ്ട്. വ്യക്തിപരമായ കണക്കുകളൊന്നും നമ്മുടെ കൈയിലില്ല. ഏകദേശം ഒരു ലക്ഷത്തോളം ചെറുപ്പക്കാർക്ക് ഈ പാരലൽ കോളേജുകളിൽ തൊഴിൽ ലഭിക്കുന്നുണ്ട് എന്നാണ് കണക്ക്. തൊഴിലന്വേഷകരായ അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർ ഇടത്താവളം എന്നുള്ള നിലയിലാണ് പാരലൽ കോളേജുകളിൽ പഠിപ്പിക്കുന്നത്. മാന്യമായ ഏതെങ്കിലും ഒരു തൊഴിൽ കിട്ടിക്കഴിയുമ്പോൾ ഇവർ പാരലൽ കോളേജ് വിട്ടുപോകും. കാലക്രമത്തിൽ പാരലൽ കോളേജ് ഇല്ലാതാകുന്ന സ്ഥിതിവിശേഷം നിലവിലുള്ളപ്പോൾ പാരലൽ കോളേജുകളിൽ പഠിപ്പിക്കുന്നവർക്ക് സ്ഥിരം സ്വഭാവം ഇല്ലാത്ത സാഹചര്യത്തിൽ ക്ഷേമനിധി രൂപീകരിക്കുക എന്നുള്ളത് പ്രായോഗികമല്ലാത്തതുകൊണ്ടാണ് ബഹുമാനപ്പെട്ട മാങ്കോട് രാധാകൃഷ്ണന്റെ ബില്ലിനെ ഗവൺമെന്റ് എതിർക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly